# പതിമൂന്നാം കേരള നിയമസഭ

## എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2762 — 02.04.2013ൽ മറുപടിയ്ക്ക്

### ഐ.എച്ച്.ആർ.ഡി. യിലെ ജനറൽ ട്രാൻസ്ഫർ

| ചോദ്യം<br>ശ്രീ. എ. എം. ആരിഫ് | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഐ.എച്ച്.ആർ.ഡി. യിൽ കഴിഞ്ഞ 2 വർഷക്കാലമായി സ്റ്റാഫ് പാറ്റേൺ നിലവിലില്ല എന്ന കാരണത്താൽ ജനറൽ ട്രാൻസ്ഫർ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ജീവനക്കാർക്ക് സൌകര്യപ്രദമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിനായി ഐ.എച്ച്.ആർ.ഡി. യിൽ ജനറൽ ട്രാൻസ്ഫറിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) | ഐ.എച്ച്.ആർ.ഡി. യിലെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂൾസും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ഐ.എച്ച്.ആർ.ഡി. യിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംങ് ബോഡിയും ചേർന്ന് പരിഷ്കരിച്ചു. ആയതിനാൽ സർക്കാരിന്റെ അനുമതി ഇല്ലാതെ നടന്ന മേൽ പരിഷ്കരണത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തീരുമാനത്തിന് സാധൂകരണം നൽകി ഉത്തരവിറക്കിയതിനുശേഷം, ഓരോ സ്ഥാപനത്തിലുമുള്ള ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തി ജനറൽ ട്രാൻഫറിനുള്ള അപേക്ഷ ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ